# പ്രത്യേക കാലങ്ങൾ

## ആഗമനകാലം

# ആഗമനകാലം: ഒന്നാംഞായർ

### പ്രവേശകപ്രഭണിതം Cf. സങ്കീ 25,1-3

എന്റെ ദൈവമേ, എന്റെ ആത്മാവിനെ ഞാൻ അങ്ങയിലേക്ക് ഉയർത്തുന്നു. അങ്ങിൽ ഞാനാശ്രയിക്കുന്നു. ഞാൻ ലജ്ജിതനാകാതിരിക്കട്ടെ; എന്റെ ശത്രുക്കൾ എന്നെ പരിഹസിക്കാതിരിക്കട്ടെ. അങ്ങയെ കാത്തിരിക്കുന്നവരാരും ഭഗ്നാശനാകാതിരിക്കട്ടെ.

"അത്യുന്നതങ്ങളിൽ" ചൊല്ലുന്നില്ല

### സമിതിപ്രാർത്ഥന

സർവശക്തനായ ദൈവമേ, അങ്ങയുടെ അഭിഷിക്തന്റെ ആഗമനവേളയിൽ സൽപ്രവൃത്തികളോടെ അങ്ങയുടെ വലത്തുഭാഗത്ത് ഓടിയണഞ്ഞ് സ്വർഗരാജ്യം അവകാശപ്പെടുത്തുന്നതിനു യോഗ്യരാകാൻവേണ്ട സന്മനസ്സ് അങ്ങയുടെ വിശ്വാസികൾക്കു നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയോടുകൂടെ...

"വിശ്വാസപ്രമാണം" ചൊല്ലുന്നു

### നൈവേദ്യപ്രാർത്ഥന

കർത്താവേ, അങ്ങയുടെ വരദാനങ്ങളിൽനിന്നു ശേഖരിച്ച് ഞങ്ങൾ സമർപ്പിക്കുന്ന കാഴ്ചവസ്തുക്കൾ സ്വീകരിക്കുകയും ഞങ്ങളുടെ ഐഹികമായ വണക്കത്തിന്റെ ഫലമായി അങ്ങു നല്കുന്നത് ഞങ്ങൾക്ക് നിത്യരക്ഷയുടെ സമ്മാനമായി ഭവിക്കുകയും ചെയ്യട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

**ആഗമനകാലം ഒന്നാം ആമുഖഗീതി p.**

### ദിവ്യഭോജനപ്രഭണിതം സങ്കീ 84,13

കർത്താവ് നന്മ പ്രദാനംചെയ്യും നമ്മുടെ ഭൂമി സമൃദ്ധമായി വിളവുനല്കും.

### ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, ഞങ്ങൾ ആചരിച്ച ദിവ്യരഹസ്യങ്ങൾ ഞങ്ങൾക്ക് ഫലദായകമാകണമേ. നശ്വരമായ വഴിയിലൂടെ ചരിക്കുന്ന ഞങ്ങളെ ഇപ്പോൾത്തന്നെ അവവഴിയായി സ്വർഗീയകാര്യങ്ങൾ സ്നേഹിക്കുന്നതിനും അനശ്വരമായവ മുറുകെപ്പിടിക്കുന്നതിനും പഠിപ്പിക്കണമേ. കർത്താവായ...

ആഘോഷമായ ആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്. **p.**

## തിങ്കൾ

**പ്രവേശകപ്രഭണിതം** **Cf. ജറെ 31,10; ഏശ 35,4**

ജനതകളേ, കർത്താവിന്റെ വചനം കേൾക്കുവിൻ; ലോകത്തിന്റെ അതിർത്തികൾവരെ അത് അറിയിക്കുവിൻ: ഇതാ നമ്മുടെ രക്ഷകൻ വരുന്നു: ഇനി നിങ്ങൾ ഭയപ്പെടരുത്.

**സമിതിപ്രാർത്ഥന**

ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളെ അങ്ങയുടെ പുത്രനായ ക്രിസ്തുവിന്റെ ആഗമനം ശ്രദ്ധാപൂർവം കാത്തിരിക്കുന്നവരാക്കണമേ. അവിടന്ന് വന്നു മുട്ടിവിളിക്കുമ്പോൾ ഞങ്ങൾ പ്രാർത്ഥനയിൽ ജാഗരൂകരും അവിടത്തെ സ്തുതികൾ ആലപിക്കുന്നതിൽ ആഹ്ലാദഭരിതരുമായി കാണപ്പെടാൻ ഇടയാക്കണമേ. എന്നെന്നും അങ്ങയോടുകൂടെ പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ ദൈവമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന അവിടന്നുവഴി ഈ പ്രാർത്ഥന കേട്ടരുളണമേ.

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, അങ്ങയുടെ വരദാനങ്ങളിൽനിന്നു ശേഖരിച്ച് ഞങ്ങൾ സമർപ്പിക്കുന്ന കാഴ്ചവസ്തുക്കൾ സ്വീകരിക്കുകയും ഞങ്ങളുടെ ഐഹികമായ വണക്കത്തിന്റെ ഫലമായി അങ്ങു നല്കുന്നത് ഞങ്ങൾക്ക് നിത്യരക്ഷയുടെ സമ്മാനമായി ഭവിക്കുകയും ചെയ്യട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

**ആഗമനകാലം ഒന്നാംആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 105, 4.5; ഏശ 38,3**

കർത്താവേ വരണമേ, അങ്ങയുടെ സന്നിധിയിൽ പൂർണഹൃദയത്തോടെ ഞങ്ങൾ ആനന്ദിക്കാൻ ഞങ്ങളെ സമാധാനത്തിൽ സന്ദർശിക്കണമേ.

### ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, ഞങ്ങളാചരിച്ച ദിവ്യരഹസ്യങ്ങൾ ഞങ്ങൾക്ക് ഫലദായകമാകണമേ. നശ്വരമായ വഴിയിലൂടെ ചരിക്കുന്ന ഞങ്ങളെ ഇപ്പോൾത്തന്നെ അവവഴിയായി സ്വർഗീയകാര്യങ്ങൾ സ്നേഹിക്കുന്നതിനും അനശ്വരമായവ മുറുകെപ്പിടിക്കുന്നതിനും പഠിപ്പിക്കണമേ. കർത്താവായ...

## ചൊവ്വ

### പ്രവേശകപ്രഭണിതം Cf. സഖ 14,5.7

ഇതാ കർത്താവ് വരുന്നു, അവിടത്തെ സകലവിശുദ്ധരും അവിടത്തോടുകൂടെ; അന്ന് വലിയൊരു പ്രകാശമുണ്ടാകും.

### സമിതിപ്രാർത്ഥന

കർത്താവായ ദൈവമേ, വരാനിരിക്കുന്ന അങ്ങേപുത്രന്റെ സാന്നിദ്ധ്യത്താൽ ആശ്വസിപ്പിക്കപ്പെട്ട് ഞങ്ങളുടെ മുൻകാലതിന്മകളാൽ ഇനിയൊരിക്കലും കളങ്കിതരാകാതിരിക്കാൻ അങ്ങ് ഞങ്ങളുടെ യാചനകളിൽ സംപ്രീതനാകുകയും പരിക്ഷീണിതരാകുന്ന ഞങ്ങൾക്ക് അങ്ങയുടെ കാരുണ്യസഹായമരുളുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർത്ഥന

കർത്താവേ, ഞങ്ങളുടെ എളിയ പ്രാർത്ഥനകളിലും കാണിക്കകളിലും സംപ്രീതനാകണമേ. ഒന്നും അവകാശപ്പെടാനില്ലാത്ത ഞങ്ങൾക്ക് അങ്ങയുടെ കരുണയുടെ സംരക്ഷണം സഹായമായി നല്കണമേ. കർത്താവായ...

ആഗമനകാലം ഒന്നാംആമുഖഗീതി p.

### ദിവ്യഭോജനപ്രഭണിതം Cf. 2 തിമോ 4,8

നീതിമാനായ വിധികർത്താവ് തന്റെ ആഗമനത്തിൽ സന്തോഷിക്കുന്ന എല്ലാവർക്കും നീതിയുടെ കിരീടം നല്കും.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, ആത്മീയപോഷണത്തിന്റെ ഭോജനത്താൽ നിറഞ്ഞ് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഈ രഹസ്യത്തിലെ പങ്കാളിത്തംവഴി ലൗകികമായവ ശരിയായി വിലയിരുത്താനും സ്വർഗീയമായവ മുറുകെപ്പിടിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ. കർത്താവായ....

# ബുധൻ

**പ്രവേശകപ്രഭണിതം** **Cf. ഹബ 2,3; 1 കോറി 4,5**

കർത്താവ് ആഗതനാകും, അവിടന്ന് വൈകുകയില്ല. ഇരുളിൽ മറഞ്ഞിരിക്കുന്നവ അവിടന്ന് വെളിച്ചത്തു കൊണ്ടുവരും, അവിടന്ന് സകലജനതകൾക്കും തന്നത്തന്നെ വെളിപ്പെടുത്തിക്കൊടുക്കും.

**സമിതിപ്രാർത്ഥന**

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പുത്രനായ ക്രിസ്തു വരുമ്പോൾ നിത്യജീവന്റെ വിരുന്നിന് ഞങ്ങൾ യോഗ്യരായി കാണപ്പെടാനും അവിടന്നു നല്കുന്ന സ്വർഗീയഭോജനം അനുഭവിക്കാൻ അർഹരാകാനും അങ്ങയുടെ ദിവ്യശക്തിയാൽ ഞങ്ങളുടെ ഹൃദയങ്ങൾ ഒരുക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. എന്നെന്നും അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, അങ്ങ് ദിവ്യരഹസ്യത്താൽ ആരംഭിച്ചവ പൂർത്തിയാക്കപ്പെടുന്നതിനും ഞങ്ങളിൽ അങ്ങയുടെ രക്ഷ ശക്തമായി നിവർത്തിക്കപ്പെടുന്നതിനും ഞങ്ങളുടെ ആരാധനാബലി നിർവിഘ്നം അങ്ങേക്ക് അർപ്പിക്കപ്പെടുമാറാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

**ആഗമനകാലം ഒന്നാം ആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം** **Cf. ഏശ 40,10; 35,5**

തന്റെ ദാസരുടെ കണ്ണുകൾ പ്രകാശിപ്പിക്കാൻ ഇതാ, നമ്മുടെ കർത്താവ് പ്രഭാവത്തോടെ എഴുന്നള്ളുന്നു.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

കർത്താവേ, ഞങ്ങൾ അങ്ങയുടെ കരുണയ്ക്കായി പ്രാർത്ഥിക്കുന്നു; തിന്മകളിൽനിന്നു മോചിതരായ ഞങ്ങളെ ഈ ദിവ്യമായ പോഷണദ്രവ്യങ്ങൾ ആസന്നമാകുന്ന തിരുന്നാളിന് ഒരുക്കുമാറാകട്ടെ. കർത്താവായ...

# വ്യാഴം

## പ്രവേശകപ്രഭണിതം Cf. സങ്കീ 118,151-152

കർത്താവേ, അങ്ങ് സമീപസ്ഥനാണ്, അങ്ങയുടെ മാർഗങ്ങളെല്ലാം സത്യമാണ്; പണ്ടുമുതലേ അങ്ങയുടെ സാക്ഷ്യങ്ങളാൽ ഞാനതറിഞ്ഞു, എന്തെന്നാൽ, അങ്ങ് ശാശ്വതനാണ്.

## സമിതിപ്രാർത്ഥന

കർത്താവേ, അങ്ങയുടെ ശക്തി പ്രകാശിപ്പിക്കണമേ. ഞങ്ങളുടെ പാപങ്ങളാൽ തടസസ്സപ്പെടുത്തുന്നവയെ അങ്ങയുടെ കരുണയുടെ കൃപ ത്വരിതപ്പെടുത്താൻ അങ്ങയുടെ വലിയ ശക്തിയാൽ ഞങ്ങളെ സഹായിക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർത്ഥന

കർത്താവേ, അങ്ങയുടെ വരദാനങ്ങളിൽനിന്നു ശേഖരിച്ച് ഞങ്ങൾ സമർപ്പിക്കുന്ന കാഴ്ചവസ്തുക്കൾ സ്വീകരിക്കുകയും ഞങ്ങളുടെ ഐഹികമായ വണക്കത്തിന്റെ ഫലമായി അങ്ങു നല്കുന്നത് ഞങ്ങൾക്ക് നിത്യരക്ഷയുടെ സമ്മാനമായി ഭവിക്കുകയും ചെയ്യട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

ആഗമനകാലം ഒന്നാം ആമുഖഗീതി p.

## ദിവ്യഭോജനപ്രഭണിതം തീത്തോ 2,12-13

അനുഗൃഹീതമായ പ്രത്യാശയും അത്യുന്നതദൈവത്തിന്റെ മഹത്ത്വത്തിന്റെ ആഗമനവും പ്രതീക്ഷിച്ചുകൊണ്ട് നീതിയോടും ഭക്തിയോടുംകൂടെ ഈ ലോകത്ത് നമ്മൾ ജീവിക്കുന്നു.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, ഞങ്ങളാചരിച്ച ദിവ്യരഹസ്യങ്ങൾ ഞങ്ങൾക്ക് ഫലദായകമാകണമേ. നശ്വരമായ വഴിയിലൂടെ ചരിക്കുന്ന ഞങ്ങളെ ഇപ്പോൾത്തന്നെ അവവഴിയായി സ്വർഗീയകാര്യങ്ങൾ സ്നേഹിക്കുന്നതിനും അനശ്വരമായവ മുറുകെപ്പിടിക്കുന്നതിനും പഠിപ്പിക്കണമേ. കർത്താവായ...

# വെള്ളി

## പ്രവേശകപ്രഭണിതം

ഇതാ കര്‍ത്താവ് വരുന്നു. തന്റെ ജനതയെ സമാധാനത്തില്‍ സന്ദര്‍ശിക്കാനും അവര്‍ക്കു നിത്യജീവന്‍ നല്കാനും കര്‍ത്താവ് പ്രതാപപൂര്‍വം ഇറങ്ങിവരുന്നു.

## സമിതിപ്രാര്‍ത്ഥന

കര്‍ത്താവേ, അങ്ങയുടെ ശക്തി ഉദ്ദീപിപ്പിക്കണമേ. ഞങ്ങളുടെ പാപങ്ങളുടെ സമീപസ്ഥമായ അപകടങ്ങളില്‍നിന്ന് അങ്ങയുടെ സംരക്ഷണത്താല്‍ ഞങ്ങള്‍ മോചിതരാകാനും അങ്ങു നല്കുന്ന മോചനത്താല്‍ രക്ഷിക്കപ്പെടാനും ഞങ്ങള്‍ അര്‍ഹരാകാന്‍ അങ്ങു വരണമെന്ന് ഞങ്ങള്‍ പ്രാര്‍ത്ഥിക്കുന്നു. എന്നെന്നും അങ്ങയോടുകൂടെ...

## നൈവേദ്യപ്രാര്‍ത്ഥന

കര്‍ത്താവേ, ഞങ്ങളുടെ എളിയപ്രാര്‍ത്ഥനകളിലും കാണിക്കകളിലും സംപ്രീതനാകണമേ. ഒന്നും അവകാശപ്പെടാനില്ലാത്ത ഞങ്ങള്‍ക്ക് അങ്ങയുടെ കരുണയുടെ സംരക്ഷണം സഹായമായി നല്കണമേ. കര്‍ത്താവായ...

**ആഗമനകാലം ഒന്നാംആമുഖഗീതി p.**

## ദിവ്യഭോജനപ്രഭണിതം Cf. ഫിലി 3,20-21

രക്ഷകനും കര്‍ത്താവുമായ യേശുക്രിസ്തുവിനെ നാം കാത്തിരിക്കുന്നു; അവിടന്ന് നമ്മുടെ എളിയശരീരം തന്റെ മഹത്ത്വമേറിയ ശരീരത്തോടു സദൃശമാക്കി രൂപാന്തരപ്പെടുത്തും.

## ദിവ്യഭോജനാനന്തരപ്രാര്‍ത്ഥന

കര്‍ത്താവേ, ആത്മീയപോഷണത്തിന്റെ ഭോജനത്താല്‍ നിറഞ്ഞ് ഞങ്ങള്‍ അങ്ങയോട് പ്രാര്‍ത്ഥിക്കുന്നു. ഈ രഹസ്യത്തിലെ പങ്കാളിത്തംവഴി ലൗകികമായവ ശരിയായി വിലയിരുത്താനും സ്വര്‍ഗീയമായവ മുറുകെപ്പിടിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ. കര്‍ത്താവായ...

# ശനി

## പ്രവേശകപ്രഭണിതം Cf. സങ്കീ 79,4.2

കര്‍ത്താവേ, കെരൂബുകളില്‍ വസിക്കുന്നവനേ, വരണമേ, അങ്ങയുടെ മുഖം ഞങ്ങളെ കാണിക്കണമേ. അങ്ങനെ ഞങ്ങള്‍ രക്ഷപ്രാപിക്കും.

## സമിതിപ്രാര്‍ത്ഥന

ദൈവമേ, മനുഷ്യരാശിയെ പഴയസ്ഥിതിയില്‍നിന്നു മോചിപ്പിക്കാന്‍ അങ്ങയുടെ ഏകജാതനെ ഈ ലോകത്തിലേക്ക് അയച്ചുവല്ലോ. അവിടത്തെ ആഗമനത്തിനായി ഭക്തിപൂര്‍വം കാത്തിരിക്കുന്ന ഞങ്ങളുടെമേല്‍ അങ്ങേ അനുകമ്പയുടെ കൃപ ഉന്നതത്തില്‍നിന്ന് ചൊരിയണമേ. അങ്ങനെ, ഞങ്ങള്‍ യഥാര്‍ത്ഥ സ്വാതന്ത്ര്യത്തിന്റെ സമ്മാനം നേടുമാറാകട്ടെ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാര്‍ത്ഥന

കര്‍ത്താവേ, അങ്ങ് ദിവ്യരഹസ്യത്താല്‍ ആരംഭിച്ചവ പൂര്‍ത്തിയാക്കപ്പെടുന്നതിനും ഞങ്ങളില്‍ അങ്ങയുടെരക്ഷ ശക്തമായി നിവര്‍ത്തിക്കപ്പെടുന്നതിനും ഞങ്ങളുടെ ആരാധനാബലി നിര്‍വിഘ്നം അങ്ങേക്ക് അര്‍പ്പിക്കപ്പെടുമാറാകണമെന്ന് ഞങ്ങള്‍ പ്രാര്‍ത്ഥിക്കുന്നു. കര്‍ത്താവായ...

ആഗമനകാലം ഒന്നാം ആമുഖഗീതി p.

## ദിവ്യഭോജനപ്രഭണിതം Cf. വെളി 22,12

കര്‍ത്താവ് അരുള്‍ചെയ്യുന്നു: ഓരോരുത്തര്‍ക്കും അവരവരുടെ പ്രവൃത്തിയനുസരിച്ചുള്ള പ്രതിഫലം നല്കാന്‍ ഇതാ ഞാന്‍ വേഗം വരുന്നു. എന്റെ സമ്മാനവും എന്റെ പക്കലുണ്ട്.

## ദിവ്യഭോജനാനന്തരപ്രാര്‍ത്ഥന

കര്‍ത്താവേ, ഞങ്ങള്‍ അങ്ങയുടെ കരുണയ്ക്കായി പ്രാര്‍ത്ഥിക്കുന്നു; തിന്മകളില്‍നിന്നു മോചിതരായ ഞങ്ങളെ ഈ ദിവ്യമായ പോഷണദ്രവ്യങ്ങള്‍ ആസന്നമാകുന്ന തിരുനാളിന് ഒരുക്കുമാറാകട്ടെ. കര്‍ത്താവായ...

# ആഗമനകാലം: രണ്ടാംഞായർ

**പ്രവേശകപ്രഭണിതം** **Cf. ഏശ 30,19.30**

സിയോൻനിവാസികളേ, ഇതാ ജനതകളെ രക്ഷിക്കാൻ കർത്താവ് ആഗതനാകുന്നു, കർത്താവ് അവിടത്തെ ശബ്ദത്തിന്റെ മഹത്ത്വം നിങ്ങളുടെ ഹൃദയത്തിന്റെ സന്തോഷത്തിൽ കേൾപ്പിക്കും.

"അത്യുന്നതങ്ങളിൽ" ചൊല്ലുന്നില്ല.

**സമിതിപ്രാർത്ഥന**

സർവശക്തനും കാരുണ്യവാനുമായ ദൈവമേ, അങ്ങയുടെ പുത്രനെ എതിരേല്ക്കാൻ തിടുക്കത്തിൽ ഓടിയണയുന്നവർക്ക് ലൗകികമായ ഒന്നുംതന്നെ പ്രതിബന്ധമാകരുതേ. എന്നാൽ സ്വർഗീയജ്ഞാനസമ്പാദനം ഞങ്ങളെ അവിടത്തെ പങ്കാളികളാക്കാൻ ഇടവരുത്തട്ടെ. എന്നെന്നും അങ്ങയോടുകൂടെ...

"വിശ്വാസപ്രമാണം" ചൊല്ലുന്നു

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, ഞങ്ങളുടെ എളിയപ്രാർത്ഥനകളിലും കാണിക്കകളിലും സംപ്രീതനാകണമേ. ഒന്നും അവകാശപ്പെടാനില്ലാത്ത ഞങ്ങൾക്ക് അങ്ങയുടെ കരുണയുടെ സംരക്ഷണം സഹായമായി നല്കണമേ. കർത്താവായ...

**ആഗമനകാലം ഒന്നാം ആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം** **ബാറൂ 5,5; 4,36**

ജെറുസലേമേ, ഉണരുക; ഉന്നതത്തിൽ നിലകൊള്ളുക. നിന്റെ ദൈവത്തിൽനിന്ന് നിന്റെ പക്കലേക്കു വരുന്ന ആനന്ദം കണ്ടാലും.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

കർത്താവേ, ആത്മീയപോഷണത്തിന്റെ ഭോജനത്താൽ നിറഞ്ഞ് ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു. ഈ രഹസ്യത്തിലെ പങ്കാളിത്തംവഴി ലൗകികമായവ ശരിയായി വിലയിരുത്താനും സ്വർഗീയമായവ മുറുകെപ്പിടിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ. കർത്താവായ....

ആഘോഷമായ ആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്. **p.**

## തിങ്കൾ

**പ്രവേശകപ്രഭണിതം** **Cf. ജറെ 31,10; ഏശ 35,4**

ജനതകളേ, കർത്താവിന്റെ വചനം കേൾക്കുവിൻ; ലോകത്തിന്റെ അതിർത്തികൾവരെ അത് അറിയിക്കുവിൻ: ഇതാ നമ്മുടെ രക്ഷകൻ വരുന്നു: ഇനി നിങ്ങൾ ഭയപ്പെടരുത്.

**സമിതിപ്രാർത്ഥന**

കർത്താവേ, ഞങ്ങളുടെ യാചനാപ്രാർത്ഥനകൾ അങ്ങയുടെ സന്നിധിയിലേക്കുയരട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ ഞങ്ങളുടെ ശുശ്രൂഷയുടെ കറയറ്റ ആഗ്രഹങ്ങൾ നൈർമല്യത്തോടെ അങ്ങയുടെ ഏകജാതന്റെ മനുഷ്യാവതാരമഹാരഹസ്യത്തിലേക്ക് എത്തിച്ചേരുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, അങ്ങയുടെ വരദാനങ്ങളിൽനിന്നു ശേഖരിച്ച് ഞങ്ങൾ സമർപ്പിക്കുന്ന കാഴ്ചവസ്തുക്കൾ സ്വീകരിക്കുകയും ഞങ്ങളുടെ ഐഹികമായ വണക്കത്തിന്റെ ഫലമായി അങ്ങു നല്കുന്നത് ഞങ്ങൾക്ക് നിത്യരക്ഷയുടെ സമ്മാനമായി ഭവിക്കുകയും ചെയ്യട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

**ആഗമനകാലം ഒന്നാംആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 105,4-5; ഏശ 38,3**

കർത്താവേ, വരണമേ. അങ്ങയുടെ സന്നിധിയിൽ പൂർണഹൃദയത്തോടെ ഞങ്ങൾ ആനന്ദിക്കാൻ ഞങ്ങളെ സമാധാനത്തിൽ സന്ദർശിക്കണമേ.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

കർത്താവേ, ഞങ്ങളാചരിച്ച ദിവ്യരഹസ്യങ്ങൾ ഞങ്ങൾക്ക് ഫലദായകമാകണമേ. നശ്വരമായ ഈ ലോകത്തു ചരിക്കുന്ന ഞങ്ങളെ ഇപ്പോൾത്തന്നെ അവവഴിയായി സ്വർഗീയകാര്യങ്ങൾ സ്നേഹിക്കുന്നതിനും അനശ്വരമായവ മുറുകെപ്പിടിക്കുന്നതിനും പഠിപ്പിക്കണമേ. കർത്താവായ...

# ചൊവ്വ

**പ്രവേശകപ്രഭണിതം** **Cf. സഖ 14,5.7**

ഇതാ കർത്താവ് വരുന്നു, അവിടത്തെ സകലവിശുദ്ധരും അവിടത്തോടുകൂടെ; അന്ന് വലിയൊരു പ്രകാശമുണ്ടാകും

**സമിതിപ്രാർത്ഥന**

ദൈവമേ, ഭൂമിയുടെ സർവ അതിർത്തികൾവരെയും അങ്ങയുടെരക്ഷ അങ്ങ് വിളംബരംചെയ്തുവല്ലോ. അവിടത്തെ ജനനത്തിന്റെ മഹത്ത്വം സന്തോഷപൂർവം കാത്തിരിക്കാൻ ഞങ്ങൾക്ക് കൃപനല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, ഞങ്ങളുടെ എളിയപ്രാർത്ഥനകളിലും കാണിക്കകളിലും സംപ്രീതനാകണമേ. ഒന്നും അവകാശപ്പെടാനില്ലാത്ത ഞങ്ങൾക്ക് അങ്ങയുടെ കരുണയുടെ സംരക്ഷണം സഹായമായി നല്കണമേ. കർത്താവായ...

**ആഗമനകാലം ഒന്നാം ആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം** **Cf. 2 തിമോ 4,8**

നീതിമാനായ വിധികർത്താവ് തന്റെ ആഗമനത്തിൽ സന്തോഷിക്കുന്ന എല്ലാവർക്കും നീതിയുടെ കിരീടം നല്കും.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

കർത്താവേ, ആത്മീയപോഷണത്തിന്റെ ഭോജനത്താൽ നിറഞ്ഞ് ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു. ഈ രഹസ്യത്തിലെ പങ്കാളിത്തംവഴി ലൗകികമായവ ശരിയായി വിലയിരുത്താനും സ്വർഗീയമായവ മുറുകെപ്പിടിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ. കർത്താവായ...

# ബുധൻ

**പ്രവേശകപ്രഭണിതം** **Cf. ഹബ 2,3; 1 കോറി 4,5**

കർത്താവ് ആഗതനാകും, അവിടന്ന് വൈകുകയില്ല. ഇരുളിൽ മറഞ്ഞിരിക്കുന്നവ അവിടന്ന് വെളിച്ചത്തുകൊണ്ടുവരും, അവിടന്ന് സകലജനതകൾക്കും തന്നത്തന്നെ വെളിപ്പെടുത്തിക്കൊടുക്കും.

**സമിതിപ്രാർത്ഥന**

കർത്താവായ ക്രിസ്തുവിനു വഴിയൊരുക്കാൻ ഞങ്ങളോടു കല്പിച്ച സർവശക്തനായ ദൈവമേ, സ്വർഗീയ ഭിഷഗ്വരന്റെ ആശ്വാസമരുളുന്ന സാന്നിദ്ധ്യത്തിനായി കാത്തിരിക്കുന്ന ഞങ്ങൾ ബലഹീനതകളാൽ പരിക്ഷീണിതരാകാതിരിക്കാൻ ദയാപൂർവം അനുഗ്രഹമരുളണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, അങ്ങ് ദിവ്യരഹസ്യത്താൽ ആരംഭിച്ചവ പൂർത്തിയാക്കപ്പെടുന്നതിനും ഞങ്ങളിൽ അങ്ങയുടെ രക്ഷ ശക്തമായി നിവർത്തിക്കപ്പെടുന്നതിനും ഞങ്ങളുടെ ആരാധനാബലി നിർവിഘ്നം അങ്ങേക്ക് അർപ്പിക്കപ്പെടുമാറാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

**ആഗമനകാലം ഒന്നാം ആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം** **Cf. ഏശ 40,10; 35,5**

ഇതാ, നമ്മുടെ കർത്താവ് പ്രാഭവത്തോടെ എഴുന്നള്ളുമ്പോൾ അവിടന്ന് തന്റെ ദാസരുടെ കണ്ണുകൾ പ്രകാശിപ്പിക്കും.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

കർത്താവേ, ഞങ്ങൾ അങ്ങയുടെ കരുണയ്ക്കായി പ്രാർത്ഥിക്കുന്നു; തിന്മകളിൽനിന്നു മോചിതരായ ഞങ്ങളെ ഈ ദിവ്യമായ പോഷണദ്രവ്യങ്ങൾ ആസന്നമാകുന്ന തിരുനാളിന് ഒരുക്കുമാറാകട്ടെ. കർത്താവായ..

## വ്യാഴം

### പ്രവേശകപ്രഭണിതം Cf. സങ്കീ 118,151-152

കര്‍ത്താവേ, അങ്ങ് സമീപസ്ഥനാണ്, അങ്ങയുടെ മാര്‍ഗങ്ങളെല്ലാം സത്യമാണ്; പണ്ടുമുതലേ അങ്ങയുടെ സാക്ഷ്യങ്ങളാല്‍ ഞാനതറിഞ്ഞു, എന്തെന്നാല്‍, അങ്ങ് ശാശ്വതനാണ്.

### സമിതിപ്രാര്‍ത്ഥന

കര്‍ത്താവേ, അങ്ങയുടെ ഏകജാതനു വഴിയൊരുക്കാന്‍ ഞങ്ങളുടെ ഹൃദയങ്ങളെ പ്രചോദിപ്പിക്കണമേ. അങ്ങനെ അവിടത്തെ വരവാല്‍ ശുദ്ധീകരിക്കപ്പെട്ട മാനസങ്ങളോടെ അങ്ങേക്ക് ശുശ്രൂഷചെയ്യാന്‍ ഞങ്ങളെ യോഗ്യരാക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാര്‍ത്ഥന

കര്‍ത്താവേ, അങ്ങയുടെ വരദാനങ്ങളില്‍നിന്നു ശേഖരിച്ച് ഞങ്ങള്‍ സമര്‍പ്പിക്കുന്ന കാഴ്ചവസ്തുക്കള്‍ സ്വീകരിക്കുകയും ഞങ്ങളുടെ ഐഹികമായ വണക്കത്തിന്റെ ഫലമായി അങ്ങു നല്കുന്നത് ഞങ്ങള്‍ക്ക് നിത്യരക്ഷയുടെ സമ്മാനമായി ഭവിക്കുകയും ചെയ്യട്ടെയെന്ന് ഞങ്ങള്‍ പ്രാര്‍ത്ഥിക്കുന്നു. കര്‍ത്താവായ...

ആഗമനകാലം ഒന്നാം ആമുഖഗീതി p.

### ദിവ്യഭോജനപ്രഭണിതം തീത്തോ 2,12.13

അനുഗൃഹീതമായ പ്രത്യാശയും അത്യുന്നതദൈവത്തിന്റെ മഹത്ത്വത്തിന്റെ ആഗമനവും പ്രതീക്ഷിച്ചുകൊണ്ട് നീതിയോടും ഭക്തിയോടുംകൂടെ ഈ ലോകത്ത് നമ്മള്‍ ജീവിക്കുന്നു.

### ദിവ്യഭോജനാനന്തരപ്രാര്‍ത്ഥന

കര്‍ത്താവേ, ഞങ്ങള്‍ ആചരിച്ച ദിവ്യരഹസ്യങ്ങള്‍ ഞങ്ങള്‍ക്ക് ഫലദായകമാകണമേ. നശ്വരമായ വഴിയിലൂടെ ചരിക്കുന്ന ഞങ്ങളെ ഇപ്പോള്‍ത്തന്നെ അവവഴിയായി സ്വര്‍ഗീയകാര്യങ്ങള്‍ സ്നേഹിക്കുന്നതിനും അനശ്വരമായവ മുറുകെപ്പിടിക്കുന്നതിനും പഠിപ്പിക്കണമേ. കര്‍ത്താവായ...

# വെള്ളി

## പ്രവേശകപ്രഭണിതം

ഇതാ കർത്താവ് വരുന്നു. തന്റെ ജനതയെ സമാധാനത്തിൽ സന്ദർശിക്കാനും അവർക്കു നിത്യജീവൻ നല്കാനും കർത്താവ് പ്രതാപത്തോടെ ഇറങ്ങിവരുന്നു.

## സമിതിപ്രാർത്ഥന

സർവശക്തനായ ദൈവമേ, അങ്ങയുടെ ഏകജാതന്റെ ആഗമനം അതീവജാഗ്രതയോടെ കാത്തിരിക്കാൻ അങ്ങയുടെ ജനത്തിന് വരമരുളണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ ഞങ്ങളുടെ രക്ഷയുടെ വിധാതാവായ അവിടന്നുതന്നെ ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളതുപോലെ അവിടന്ന് ആഗതനാകുമ്പോൾ ഞങ്ങൾ ജാഗരൂകരായിരുന്ന് കത്തിച്ച വിളക്കുമായി അവിടത്തെ വേഗത്തിൽ എതിരേല്ക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. എന്നെന്നും അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർത്ഥന

കർത്താവേ, ഞങ്ങളുടെ എളിയപ്രാർത്ഥനകളിലും കാണിക്കകളിലും സംപ്രീതനാകണമേ. ഒന്നും അവകാശപ്പെടാനില്ലാത്ത ഞങ്ങൾക്ക് അങ്ങയുടെ കരുണയുടെ സംരക്ഷണം സഹായമായി നല്കണമേ. കർത്താവായ...

ആഗമനകാലം ഒന്നാം ആമുഖഗീതി p.

## ദിവ്യഭോജനപ്രഭണിതം Cf. ഫിലി 3,20-21

രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിനെ നാം കാത്തിരിക്കുന്നു; അവിടന്ന് നമ്മുടെ എളിയശരീരം തന്റെ മഹത്ത്വമേറിയ ശരീരത്തോടു സദൃശമാക്കി രൂപാന്തരപ്പെടുത്തും.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, ആത്മീയപോഷണത്തിന്റെ ഭോജനത്താൽ നിറഞ്ഞ് ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു. ഈ രഹസ്യത്തിലെ പങ്കാളിത്തംവഴി ലൗകികമായവ ശരിയായി വിലയിരുത്താനും സ്വർഗീയമായവ മുറുകെപ്പിടിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ. കർത്താവായ...

# ശനി

## പ്രവേശകപ്രഭണിതം Cf. സങ്കീ 79,4.2

കര്‍ത്താവേ, കെരൂബുകളില്‍ വസിക്കുന്നവനേ, വരണമേ, അങ്ങയുടെ മുഖം ഞങ്ങളെ കാണിക്കണമേ. അങ്ങനെ ഞങ്ങള്‍ രക്ഷപ്രാപിക്കും.

## സമിതിപ്രാര്‍ത്ഥന

സര്‍വശക്തനായ ദൈവമേ, അങ്ങയുടെ മഹത്ത്വത്തിന്റെ പ്രഭ ഞങ്ങളുടെ ഹൃദയങ്ങളില്‍ ഉദയംചെയ്യുമാറാകട്ടെ എന്നു ഞങ്ങള്‍ പ്രാര്‍ത്ഥിക്കുന്നു. അങ്ങനെ, അങ്ങയുടെ ഏകജാതന്റെ ആഗമനം രാത്രിയുടെ എല്ലാ ഇരുളുമകറ്റി പ്രകാശത്തിന്റെ മക്കളായി ഞങ്ങള്‍ കാണപ്പെടാന്‍ ഇടയാകുമാറാകട്ടെ. എന്നെന്നും അങ്ങയോടുകൂടെ...

## നൈവേദ്യപ്രാര്‍ത്ഥന

കര്‍ത്താവേ, അങ്ങ് ദിവ്യരഹസ്യത്താല്‍ ആരംഭിച്ചവ പൂര്‍ത്തിയാക്കപ്പെടുന്നതിനും ഞങ്ങളില്‍ അങ്ങയുടെ രക്ഷ ശക്തമായി നിവര്‍ത്തിക്കപ്പെടുന്നതിനും ഞങ്ങളുടെ ആരാധനാബലി നിര്‍വിഘ്നം അങ്ങേക്ക് അര്‍പ്പിക്കപ്പെടുമാറാകണമെന്ന് ഞങ്ങള്‍ പ്രാര്‍ത്ഥിക്കുന്നു. കര്‍ത്താവായ...

ആഗമനകാലം ഒന്നാം ആമുഖഗീതി p.

## ദിവ്യഭോജനപ്രഭണിതം Cf. വെളി 22,12

കര്‍ത്താവ് അരുള്‍ചെയ്യുന്നു: ഓരോരുത്തര്‍ക്കും അവരവരുടെ പ്രവൃത്തിയനുസരിച്ചുള്ള പ്രതിഫലം നല്കാനായി ഇതാ ഞാന്‍ വേഗം വരുന്നു. എന്റെ സമ്മാനവും എന്റെ പക്കലുണ്ട്.

## ദിവ്യഭോജനാനന്തരപ്രാര്‍ത്ഥന

കര്‍ത്താവേ, ഞങ്ങള്‍ അങ്ങയുടെ കരുണയ്ക്കായി പ്രാര്‍ത്ഥിക്കുന്നു; തിന്മകളില്‍നിന്നു മോചിതരായ ഞങ്ങളെ ഈ ദിവ്യമായ പോഷണദ്രവ്യങ്ങള്‍ ആസന്നമാകുന്ന തിരുനാളിന് ഒരുക്കുമാറാകട്ടെ. കര്‍ത്താവായ...

# ആഗമനകാലം: മൂന്നാംഞായർ

ഈ ദിവ്യപൂജയിൽ വയലറ്റ് അഥവാ റോസ് നിറം ഉപയോഗിക്കുന്നു.

## പ്രവേശകപ്രഭണിതം ഫിലി 4,4-5

കർത്താവിൽ എപ്പോഴും ആനന്ദിക്കുവിൻ; വീണ്ടും ഞാൻ പറയുന്നു: ആനന്ദിക്കുവിൻ; എന്തെന്നാൽ കർത്താവു സമീപസ്ഥനായിരിക്കുന്നു.

"അത്യുന്നതങ്ങളിൽ"ചൊല്ലുന്നില്ല.

## സമിതിപ്രാർത്ഥന

കർത്താവിന്റെ തിരുപ്പിറവിആഘോഷം വിശ്വസ്തതയോടെ കാത്തിരിക്കുന്ന അങ്ങയുടെ ജനത്തെ കാണുന്ന ദൈവമേ, ഇത്ര മഹത്തായ രക്ഷയുടെ സന്തോഷത്തിൽ എത്തിച്ചേരാനും അതിനെ സമുന്നതമായ ആരാധനയാലും സവിശേഷമായ ആഹ്ലാദത്താലും എന്നും ആഘോഷിക്കാനും ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയോടുകൂടെ...

"വിശ്വാസപ്രമാണം" ചൊല്ലുന്നു

## നൈവേദ്യപ്രാർത്ഥന

അങ്ങ് ദിവ്യരഹസ്യത്താൽ ആരംഭിച്ചവ പൂർത്തിയാക്കപ്പെടുന്നതിനും ഞങ്ങളിൽ അങ്ങയുടെ രക്ഷ ശക്തമായി നിവർത്തിക്കപ്പെടുന്നതിനും ഞങ്ങളുടെ ആരാധനാബലി നിർവിഘ്നം അങ്ങേക്ക് അർപ്പിക്കപ്പെടുമാറാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

ആഗമനകാലം ഒന്നാമത്തെയോ രണ്ടാമത്തെയോ ആമുഖഗീതി pp.

## ദിവ്യഭോജനപ്രഭണിതം Cf. ഏശ 35,4

പറയുവിൻ: ഭീരുക്കളേ, ധൈര്യം അവലംബിക്കുവിൻ; ഭയപ്പെടേണ്ടാ; ഇതാ നമ്മുടെദൈവം വരുന്നു; അവിടന്നു നമ്മെ രക്ഷിക്കും.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, ഞങ്ങൾ അങ്ങയുടെ കരുണയ്ക്കായി പ്രാർത്ഥിക്കുന്നു; തിന്മകളിൽനിന്നു മോചിതരായ ഞങ്ങളെ ഈ ദിവ്യമായ പോഷണദ്രവ്യങ്ങൾ ആസന്നമാകുന്ന തിരുനാളിന് ഒരുക്കുമാറാകട്ടെ. കർത്താവായ..

ആഘോഷമായ ആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്. **p.**

ഡിസംബർ 17 മുതൽ 24 വരെയുള്ള ദിവസങ്ങൾ ഒഴിച്ച്, ആഴ്ചയിലെ ഇടദിവസങ്ങളിലുള്ള ദിവ്യപൂജയിൽ താഴെകൊടുത്തിരിക്കുന്ന പ്രാർത്ഥനകൾ ഉപയോഗിക്കുന്നു.

# തിങ്കൾ

**പ്രവേശകപ്രഭണിതം** **Cf. ജറെ 31,10; ഏശ 35,4**

ജനതകളേ, കർത്താവിന്റെ വചനം കേൾക്കുവിൻ; ലോകത്തിന്റെ അതിർത്തികൾവരെ അത് അറിയിക്കുവിൻ: ഇതാ നമ്മുടെ രക്ഷകൻ വരുന്നു: ഇനി നിങ്ങൾ ഭയപ്പെടരുത്.

**സമിതിപ്രാർത്ഥന**

കർത്താവേ, അങ്ങയുടെ കരുണയുടെ കാതുകൾ ഞങ്ങളുടെ നിലവിളിയുടെ നേരേ തിരിക്കുകയും ഞങ്ങളെ സന്ദർശിക്കുന്ന അങ്ങയുടെ പുത്രന്റെ കൃപയിൽ ഞങ്ങളുടെ ഹൃദയത്തിന്റെ അന്ധകാരമകറ്റി പ്രകാശിപ്പിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. എന്നെന്നും അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, അങ്ങയുടെ വരദാനങ്ങളിൽനിന്നു ശേഖരിച്ച് ഞങ്ങൾ സമർപ്പിക്കുന്ന കാഴ്ചവസ്തുക്കൾ സ്വീകരിക്കുകയും ഞങ്ങളുടെ ഐഹികമായ വണക്കത്തിന്റെ ഫലമായി അങ്ങു നല്കുന്നത് ഞങ്ങൾക്ക് നിത്യരക്ഷയുടെ സമ്മാനമായി ഭവിക്കുകയും ചെയ്യട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

**ആഗമനകാലം ഒന്നാം ആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 105,4-5; ഏശ 38,3**

കർത്താവേ, വരണമേ. അങ്ങയുടെ സന്നിധിയിൽ പൂർണഹൃദയത്തോടെ ഞങ്ങൾ ആനന്ദിക്കാൻ ഞങ്ങളെ സമാധാനത്തിൽ സന്ദർശിക്കണമേ.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

കർത്താവേ, ഞങ്ങളാചരിച്ച ദിവ്യരഹസ്യങ്ങൾ ഞങ്ങൾക്ക് ഫലദായകമാകണമേ. നശ്വരമായ ഈ ലോകത്തു ചരിക്കുന്ന ഞങ്ങളെ ഇപ്പോൾത്തന്നെ അവവഴിയായി സ്വർഗീയകാര്യങ്ങൾ സ്നേഹിക്കുന്നതിനും അനശ്വരമായവ മുറുകെപ്പിടിക്കുന്നതിനും പഠിപ്പിക്കണമേ. കർത്താവായ...

# ചൊവ്വ

## പ്രവേശകപ്രഭണിതം Cf. സഖ 14,5.7

ഇതാ കർത്താവ് വരുന്നു, അവിടത്തെ സകല വിശുദ്ധരും അവിടത്തോടുകൂടെ; അന്ന് വലിയൊരു പ്രകാശം ഉദയം ചെയ്യും.

## സമിതിപ്രാർത്ഥന

അങ്ങയുടെ ഏകജാതൻവഴി ഞങ്ങളെ നവസൃഷ്ടിയായി മാറ്റിയ ദൈവമേ, അങ്ങയുടെ കരുണയുടെ കരവേല ദയാപൂർവം കടാക്ഷിക്കുകയും അങ്ങയുടെ പുത്രന്റെ ആഗമനത്തിൽ ഞങ്ങളെ പഴയ മാലിന്യങ്ങളിൽനിന്നു ശുദ്ധീകരിക്കുകയും ചെയ്യണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർത്ഥന

കർത്താവേ, ഞങ്ങളുടെ എളിയപ്രാർത്ഥനകളിലും കാണിക്കകളിലും സംപ്രീതനാകണമേ. ഒന്നും അവകാശപ്പെടാനില്ലാത്ത ഞങ്ങൾക്ക് അങ്ങയുടെ കരുണയുടെ സംരക്ഷണം സഹായമായി നല്കണമേ. കർത്താവായ...

ആഗമനകാലം ഒന്നാം ആമുഖഗീതി p.

## ദിവ്യഭോജനപ്രഭണിതം Cf. 2 തിമോ 4,8

നീതിമാനായ വിധികർത്താവ് തന്റെ ആഗമനത്തിൽ സന്തോഷിക്കുന്ന എല്ലാവർക്കും നീതിയുടെ കിരീടം നല്കും.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, ആത്മീയപോഷണത്തിന്റെ ഭോജനത്താൽ നിറഞ്ഞ് ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു. ഈ രഹസ്യത്തിലെ പങ്കാളിത്തംവഴി ലൗകികമായവ ശരിയായി വിലയിരുത്താനും സ്വർഗീയമായവ മുറുകെപ്പിടിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ. കർത്താവായ...

# ബുധൻ

**പ്രവേശകപ്രഭണിതം** **Cf. ഹബ 2,3; 1 കോറി 4,5**

കർത്താവ് ആഗതനാകും, അവിടന്ന് വൈകുകയില്ല. ഇരുളിൽ മറഞ്ഞിരിക്കുന്നവ അവിടന്ന് വെളിച്ചത്തു കൊണ്ടുവരും. അവിടന്ന് സകലജനതകൾക്കും തന്നത്തന്നെ വെളിപ്പെടുത്തിക്കൊടുക്കും.

**സമിതിപ്രാർത്ഥന**

സർവശക്തനായ ദൈവമേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു: അങ്ങയുടെ പുത്രന്റെ ആസന്നമായിരിക്കുന്ന മഹോത്സവം ഞങ്ങളുടെ ഇപ്പോഴത്തെ ഈ ജീവിതത്തിന് ഔഷധവും നിത്യസമ്മാനവും സംലബ്ധമാകാൻ ഇടയാക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർത്ഥന**

അങ്ങ് ദിവ്യരഹസ്യത്താൽ ആരംഭിച്ചവ പൂർത്തിയാക്കപ്പെടുന്നതിനും ഞങ്ങളിൽ അങ്ങയുടെ രക്ഷ ശക്തമായി നിവർത്തിക്കപ്പെടുന്നതിനും ഞങ്ങളുടെ ആരാധനാബലി നിർവിഘ്നം അങ്ങേക്ക് അർപ്പിക്കപ്പെടുമാറാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ...

**ആഗമനകാലം ഒന്നാം ആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം** **Cf. ഏശ 40,10; 35,5**

ഇതാ, നമ്മുടെ കർത്താവ് പ്രാഭവത്തോടെ എഴുന്നള്ളുമ്പോൾ അവിടന്ന് തന്റെ ദാസരുടെ കണ്ണുകൾ പ്രകാശിപ്പിക്കും.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

കർത്താവേ, ഞങ്ങൾ അങ്ങയുടെ കരുണയ്ക്കായി പ്രാർത്ഥിക്കുന്നു; തിന്മകളിൽനിന്നു മോചിതരായ ഞങ്ങളെ ഈ ദിവ്യമായ പോഷണദ്രവ്യങ്ങൾ ആസന്നമാകുന്ന തിരുനാളിന് ഒരുക്കുമാറാകട്ടെ. കർത്താവായ...

# വ്യാഴം

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 118,151-152**

കര്‍ത്താവേ, അങ്ങ് സമീപസ്ഥനാണ്. അങ്ങയുടെ മാര്‍ഗങ്ങളെല്ലാം സത്യമാണ്; പണ്ടുമുതലേ അങ്ങയുടെ സാക്ഷ്യങ്ങളാല്‍ ഞാനതറിഞ്ഞു, എന്തെന്നാല്‍, അങ്ങ് ശാശ്വതനാണ്.

**സമിതിപ്രാര്‍ത്ഥന**

കര്‍ത്താവേ, ഞങ്ങളുടെ പ്രവൃത്തികളുടെ പാപക്കറയാല്‍ വേദനിക്കുന്ന അങ്ങയുടെ അയോഗ്യദാസരായ ഞങ്ങളെ അങ്ങയുടെ ഏകജാതന്‍റെ രക്ഷാകരമായ ആഗമനത്താല്‍ ആഹ്ലാദഭരിതരാക്കണമെന്ന് ഞങ്ങള്‍ പ്രാര്‍ത്ഥിക്കുന്നു. എന്നെന്നും അങ്ങയോടുകൂടെ...

**നൈവേദ്യപ്രാര്‍ത്ഥന**

കര്‍ത്താവേ, അങ്ങയുടെ വരദാനങ്ങളില്‍നിന്നു ശേഖരിച്ച് ഞങ്ങള്‍ സമര്‍പ്പിക്കുന്ന കാഴ്ചവസ്തുക്കള്‍ സ്വീകരിക്കുകയും ഞങ്ങളുടെ ഐഹികമായ വണക്കത്തിന്‍റെ ഫലമായി അങ്ങു നല്കുന്നത് ഞങ്ങള്‍ക്ക് നിത്യരക്ഷയുടെ സമ്മാനമായി ഭവിക്കുകയും ചെയ്യട്ടെയെന്ന് ഞങ്ങള്‍ പ്രാര്‍ത്ഥിക്കുന്നു. കര്‍ത്താവായ...

**ആഗമനകാലം ഒന്നാം ആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം** **തീത്തോ 2,12-13**

അനുഗൃഹീതമായ പ്രത്യാശയും അത്യുന്നതദൈവത്തിന്‍റെ മഹത്ത്വത്തിന്‍റെ ആഗമനവും പ്രതീക്ഷിച്ചുകൊണ്ട് നീതിയോടും ഭക്തിയോടുംകൂടെ ഈ ലോകത്ത് നമ്മള്‍ ജീവിക്കുന്നു.

**ദിവ്യഭോജനാനന്തരപ്രാര്‍ത്ഥന**

കര്‍ത്താവേ, ഞങ്ങളാചരിച്ച ദിവ്യരഹസ്യങ്ങള്‍ ഞങ്ങള്‍ക്ക് ഫലദായകമാകണമേ. നശ്വരമായ വഴിയിലൂടെ ചരിക്കുന്ന ഞങ്ങളെ ഇപ്പോള്‍ത്തന്നെ അവ വഴിയായി സ്വര്‍ഗീയകാര്യങ്ങള്‍ സ്നേഹിക്കുന്നതിനും അനശ്വരമായവ മുറുകെപ്പിടിക്കുന്നതിനും പഠിപ്പിക്കണമേ. കര്‍ത്താവായ...

# വെള്ളി

## പ്രവേശകപ്രഭണിതം

ഇതാ കർത്താവ് വരുന്നു. തന്റെ ജനതയെ സമാധാനത്തിൽ സന്ദർശിക്കാനും അവർക്കു നിത്യജീവൻ നല്കാനും കർത്താവ് പ്രതാപത്തോടെ ഇറങ്ങിവരുന്നു.

## സമിതിപ്രാർത്ഥന

സർവശക്തനായ ദൈവമേ, അങ്ങയുടെ അനുഗ്രഹം എപ്പോഴും ഞങ്ങളെ മുൻപിലും പിൻപിലുമായി അനുഗമനം ചെയ്യട്ടെ. അങ്ങനെ അങ്ങയുടെ ഏകജാതന്റെ ആഗമനം തീവ്രമായ ഹൃദയാഭിലാഷത്തോടെ പാർത്തിരിക്കുന്ന ഞങ്ങൾക്ക് ഈ ജീവിതത്തിലും ഭാവിജീവിതത്തിലും ഒന്നുപോലെ സഹായം കൈവരുമാറാകട്ടെ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർത്ഥന

കർത്താവേ, ഞങ്ങളുടെ എളിയപ്രാർത്ഥനകളിലും കാണിക്കകളിലും സംപ്രീതനാകണമേ. ഒന്നും അവകാശപ്പെടാനില്ലാത്ത ഞങ്ങൾക്ക് അങ്ങയുടെ കരുണയുടെ സംരക്ഷണം സഹായമായി നല്കണമേ. കർത്താവായ...

**ആഗമനകാലം ഒന്നാംആമുഖഗീതി p.**

## ദിവ്യഭോജനപ്രഭണിതം Cf. ഫിലി 3,20-21

രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിനെ നാം കാത്തിരിക്കുന്നു; അവിടന്ന് നമ്മുടെ എളിയശരീരം തന്റെ മഹത്ത്വമേറിയ ശരീരത്തോട് സദൃശമാക്കി രൂപാന്തരപ്പെടുത്തും.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, ആത്മീയപോഷണത്തിന്റെ ഭോജനത്താൽ നിറഞ്ഞ് ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു. ഈ രഹസ്യത്തിലെ പങ്കാളിത്തംവഴി ലൗകികമായവ ശരിയായി വിലയിരുത്താനും സ്വർഗീയമായവ മുറുകെപ്പിടിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ. കർത്താവായ...

# .ആഗമനകാലം: നാലാംഞായർ

**പ്രവേശകപ്രഭണിതം** **Cf. ഏശ 45,8**

ആകാശങ്ങളേ, ഉന്നതത്തിൽനിന്ന് പൊഴിക്കുക; മേഘങ്ങളേ, നീതിമാനെ വർഷിക്കുക; ഭൂതലം വിടരട്ടെ; രക്ഷകനെ അങ്കുരിപ്പിക്കട്ടെ.

"അത്യുന്നതങ്ങളിൽ"ചൊല്ലുന്നില്ല.

**സമിതിപ്രാർത്ഥന**

കർത്താവേ, ഞങ്ങളുടെ മാനസങ്ങൾ അങ്ങയുടെ പ്രസാദവരത്താൽ നിറയ്ക്കണമെന്നു പ്രാർത്ഥിക്കുന്നു. അങ്ങനെ മാലാഖയുടെ സന്ദേശത്താൽ അങ്ങയുടെ പുത്രനായ ക്രിസ്തുവിന്റെ മനുഷ്യാവതാരവാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ അവിടത്തെ പീഡാസഹനവും കുരിശുമരണവുംവഴി ഉയിർപ്പിന്റെ മഹിമ പ്രാപിക്കാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

"വിശ്വാസപ്രമാണം" ചൊല്ലുന്നു.

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, പരിശുദ്ധമറിയത്തിന്റെ ഉദരം തന്റെ ശക്തിയാൽ പരിപൂരിതമാക്കിയ പരിശുദ്ധാത്മാവ് അങ്ങയുടെ ബലിപീഠത്തിൽ സമർപ്പിക്കപ്പെട്ട കാഴ്ചദ്രവ്യങ്ങൾ പവിത്രീകരിക്കട്ടെ. കർത്താവായ...

**ആഗമനകാലം രണ്ടാംആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം** **ഏശ 7,14**

ഇതാ, കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

സർവശക്തനായ ദൈവമേ, നിത്യരക്ഷയുടെ അച്ചാരം സ്വീകരിച്ച ഞങ്ങൾ പ്രാർത്ഥിക്കുന്നു; അങ്ങനെ, രക്ഷാകരതിരുനാളിന്റെ മഹാദിനം ആസന്നമാകുന്തോറും അങ്ങയുടെ പുത്രന്റെ ജനനത്തിന്റെ രഹസ്യം യോഗ്യതയോടെ ആഘോഷിക്കാനുള്ള ഭക്തിതീക്ഷ്ണതയിൽ ഞങ്ങൾ മുന്നേറാൻ അനുഗ്രഹിക്കണമേ. എന്നെന്നും ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങ് ഈ പ്രാർത്ഥന കേട്ടരുളണമേ.

ആഘോഷമായ ആശീർവാദത്തിന്റെ രൂപം ഉപയോഗിക്കാവുന്നതാണ്. **p.**

# ആഗമനകാലത്തെ ഇടദിവസങ്ങൾ

### ഡിസംബർ 17 മുതൽ 24 വരെ

തനതായ പ്രാർത്ഥനകളുള്ള ഞായറാഴ്ചയൊഴികെ താഴെ കൊടുത്തിരിക്കുന്ന ദിവ്യപൂജാപ്രാർത്ഥനകൾ അവ നിർദേശിക്കപ്പെട്ടിരിക്കുന്ന ദിവസങ്ങളിൽ ഉപയോഗിക്കുന്നു.

## ഡിസംബർ 17

**പ്രവേശകപ്രഭണിതം** **Cf. ഏശ 49,13**

ആകാശം ആനന്ദിക്കട്ടെ. ഭൂമി ആഹ്ലാദിക്കട്ടെ, എന്തെന്നാൽ, ഞങ്ങളുടെ കർത്താവ് എഴുന്നള്ളുന്നു. അവിടന്ന് തന്റെ ദരിദ്രരോട് കരുണകാണിക്കും.

**സമിതിപ്രാർത്ഥന**

മനുഷ്യപ്രകൃതിയുടെ സ്രഷ്ടാവും രക്ഷകനുമായ ദൈവമേ, നിത്യകന്യകയുടെ ഉദരത്തിൽ അങ്ങയുടെ വചനം മാംസം ധരിക്കണമെന്ന് തിരുവുള്ളമായ അങ്ങ് ഞങ്ങളുടെ പ്രാർത്ഥനകൾ കരുണാപൂർവം കേട്ടരുളണമേ. അങ്ങനെ, ഞങ്ങളുടെ മനുഷ്യപ്രകൃതി സ്വീകരിച്ച അങ്ങയുടെ ഏകജാതൻ അവിടത്തെ ദിവ്യപ്രകൃതിയിൽ പങ്കുചേരാൻ ഞങ്ങളെ യോഗ്യരാക്കണമേ. എന്നെന്നും അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, അങ്ങയുടെ സഭയുടെ കാണിക്കകൾ വിശുദ്ധീകരിക്കണമേ; അങ്ങനെ, ഈ ദിവ്യരഹസ്യങ്ങൾവഴി, സ്വർഗീയമായ അപ്പംകൊണ്ട് പോഷിതരാകാൻ ഞങ്ങൾ അർഹരാകട്ടെ. കർത്താവായ...

**ആഗമനകാലം രണ്ടാം ആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം Cf. ഹഗ്ഗാ 2,8**

ഇതാ വരുന്നു; സകല ജനതകളും പ്രതീക്ഷിച്ചിരുന്നവൻ; കർത്താവിന്റെ ഭവനം മഹത്ത്വത്താൽ നിറയ്ക്കപ്പെടും

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

സർവശക്തനായ ദൈവമേ, ദിവ്യദാനത്താൽ സംതൃപ്തരായി പ്രാർത്ഥിക്കുന്ന ഞങ്ങളുടെ ആഗ്രഹം നിവർത്തിതമാകുമാറാകട്ടെ: അങ്ങയുടെ ആത്മാവിൽ ജ്വലിച്ച് അങ്ങേ ക്രിസ്തു ആഗതനാകുമ്പോൾ അവിടത്തെ മുമ്പിൽ ഞങ്ങൾ തെളിവാർന്ന ദീപങ്ങൾപോലെ പ്രകാശിതരാകുമാറാകട്ടെ. കർത്താവായ...

# ഡിസംബർ 18

## പ്രവേശകപ്രഭണിതം

വരാനിരിക്കുന്ന കുഞ്ഞാടെന്ന് യോഹന്നാൻ പ്രഘോഷിച്ച നമ്മുടെ രാജാവായ ക്രിസ്തു എഴുന്നള്ളുന്നു.

## സമിതിപ്രാർത്ഥന

സർവശക്തനായദൈവമേ, പാപത്തിന്റെ നുകത്താലുള്ള പഴയ അടിമത്തത്തിന്റെ ഭാരത്താൽ ഉഴലുന്ന ഞങ്ങളെ അങ്ങയുടെ ഏകജാതന്റെ കാത്തിരുന്ന പുതുപ്പിറവിവഴി സ്വതന്ത്രരാക്കാൻ കനിയണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർത്ഥന

കർത്താവേ, അങ്ങേക്കായി അർപ്പിക്കപ്പെടേണ്ട ഈ ബലി ഞങ്ങളെ അങ്ങയുടെ നാമത്തിന് സ്വീകാര്യരാക്കട്ടെ. അങ്ങനെ ഞങ്ങളുടെ നശ്വരത അവിടത്തെ മരണത്താൽ നിവാരണംചെയ്ത അവിടത്തെ അനശ്വരതയിൽ ഞങ്ങളും പങ്കാളികളാകാൻ യോഗ്യരാകുമാറാകട്ടെ. എന്നെന്നും ജീവിച്ചുവാഴുന്ന...

### ആഗമനകാലം രണ്ടാംആമുഖഗീതി p.

## ദിവ്യഭോജനപ്രഭണിതം — മത്താ 1,23

അവർ അവന്റെ നാമം 'ദൈവംനമ്മോടുകൂടെ' എന്നർത്ഥമുള്ള എമ്മാനുവേൽ എന്നു വിളിക്കും.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, അങ്ങയുടെ ആലയത്തിൽ ഞങ്ങൾക്ക് അങ്ങയുടെ കരുണ ലഭിക്കാനും ഞങ്ങളുടെ രക്ഷയുടെ ആഗതമാകുന്ന മഹോത്സവം ഉചിതമായ ആദരവോടെ വരവേല്ക്കാനും ഇടയാക്കണമേ. കർത്താവായ ക്രിസ്തുവഴി...

## ഡിസംബർ 19

**പ്രവേശകപ്രഭണിതം** **Cf. ഹെബ്രാ 10,37**

വരാനിരിക്കുന്നവൻ വരും; അവിടന്ന് താമസിക്കില്ല; നമ്മുടെ അതിർത്തികളിൽ ആശങ്കവേണ്ടാ, എന്തെന്നാൽ അവിടന്നുതന്നെയാണ് നമ്മുടെ രക്ഷകൻ.

**സമിതിപ്രാർത്ഥന**

പരിശുദ്ധകന്യകയുടെ പ്രസവംവഴി അങ്ങയുടെ മഹത്ത്വത്തിന്റെ തേജസ്സ് ലോകത്തിനു വെളിപ്പെടുത്താൻ തിരുവുള്ളമായ ദൈവമേ, മനുഷ്യാവതാരമഹാരഹസ്യം വിശ്വാസത്തിന്റെ സമഗ്രതയോടെ ആദരിക്കാനും എപ്പോഴും ഉചിതമായ ഭക്തിയോടെ ആചരിക്കാനും ഞങ്ങൾക്കു കൃപയരുളണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, അങ്ങയുടെ ബലിപീഠത്തിൽ ഞങ്ങളർപ്പിക്കുന്ന കാണിക്കകൾ കാരുണ്യപൂർവം തൃക്കൺപാർക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ, ഞങ്ങളുടെ ബലഹീനതയിൽ ഞങ്ങൾ കാഴ്ചയണയ്ക്കുന്നവ അങ്ങയുടെ ശക്തിയാൽ പവിത്രമാക്കണമേ. കർത്താവായ...

**ആഗമനകാലം രണ്ടാംആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 1,78-79**

നമ്മുടെ പാദങ്ങൾ സമാധാനത്തിന്റെ പാതയിലൂടെ നയിക്കാൻ ഉന്നതത്തിൽനിന്ന് ഉദയസൂര്യൻ നമ്മെ സന്ദർശിക്കും.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

സർവശക്തനായ ദൈവമേ, അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ ദാനങ്ങൾക്ക് ഞങ്ങൾ നന്ദിപറയുമ്പോൾ, വരാനിരിക്കുന്ന അനുഗ്രഹങ്ങൾക്കായുള്ള ആഗ്രഹം ദയാപൂർവം ഞങ്ങളിൽ ജനിപ്പിക്കണമേ. അങ്ങനെ ഞങ്ങൾ ഞങ്ങളുടെ രക്ഷകന്റെ ജനനം നിർമലമാനസരായി ആദരപൂർവം സ്വീകരിക്കുമാറാകട്ടെ. കർത്താവായ...

# ഡിസംബർ 20

**പ്രവേശകപ്രഭണിതം** **Cf. ഏശ 11,1; 40,5; ലൂക്കാ 3,6**

ജെസ്സെയുടെ വേരിൽനിന്ന് ഒരു മുള പൊട്ടിവിടരും; ഭൂമി മുഴുവനും കർത്താവിന്റെ മഹത്ത്വത്താൽ നിറയും; സകലമനുഷ്യരും ദൈവത്തിന്റെരക്ഷ കാണും.

**സമിതിപ്രാർത്ഥന**

ദൈവമേ, നിത്യപ്രഭാവമേ, മാലാഖയുടെ സന്ദേശത്താൽ അങ്ങയുടെ അവർണനീയമായ വചനം അമലോദ്ഭവകന്യക സ്വീകരിക്കുകയും പരിശുദ്ധാത്മാവിന്റെ പ്രഭയാൽ നിറഞ്ഞ് ദൈവികതയുടെ ഭവനമായി മാറുകയും ചെയ്തുവല്ലോ. അങ്ങനെ, അവളുടെ മാതൃകയാൽ അങ്ങയുടെ തിരുവുള്ളത്തോട് എളിമയോടെ ചേർന്നുനില്ക്കാൻ ഞങ്ങളെയും പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, അതിവിശിഷ്ടമായ ഈ ബലി അങ്ങ് തൃക്കൺപാർക്കണമേ. അങ്ങനെ, ഈ രഹസ്യത്തിലെ ഭാഗഭാഗിത്വംവഴി. ഞങ്ങൾ പ്രത്യാശിക്കേണ്ടവ വിശ്വസിക്കാനും പ്രതീക്ഷിച്ചവ പ്രാപിക്കാനും ഇടയാക്കണമേ. കർത്താവായ...

**ആഗമനകാലം രണ്ടാംആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 1,31**

മാലാഖ മറിയത്തോടു പറഞ്ഞു: ഇതാ, നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

കർത്താവേ, അങ്ങ് സ്വർഗീയദാനത്താൽ പരിപോഷിപ്പിക്കുന്നവരെ ദിവ്യപരിപാലനത്താൽ സംരക്ഷിക്കണമേ. അങ്ങനെ, അങ്ങയുടെ രഹസ്യങ്ങളിൽ സന്തോഷിക്കുന്നവ യഥാർത്ഥസമാധാനത്തിൽ ആനന്ദിക്കാൻ ഇടയാക്കണമേ. കർത്താവായ...

## ഡിസംബർ 21

**പ്രവേശകപ്രഭണിതം** **Cf. ഏശ 7,14; 8,10**

സർവാധിപനായ കർത്താവ് ഉടൻതന്നെ എഴുന്നള്ളും; അവിടത്തെനാമം 'ദൈവംനമ്മോടുകൂടെ' എന്നർത്ഥമുള്ള എമ്മാനുവേൽ എന്നു വിളിക്കപ്പെടുകയും ചെയ്യും.

**സമിതിപ്രാർത്ഥന**

കർത്താവേ, ഞങ്ങൾ അപേക്ഷിക്കുന്നു: അങ്ങയുടെ ജനത്തിന്റെ പ്രാർത്ഥനകൾ സദയം കേൾക്കണമേ. അങ്ങനെ, ഞങ്ങളുടെ മാംസത്തിലുള്ള അങ്ങയുടെ ഏകജാതന്റെ വരവിൽ ആഹ്ലാദിക്കുന്നവർ അവിടന്ന് തന്റെ പ്രതാപത്തിൽ വരുമ്പോൾ നിത്യജീവന്റെ സമ്മാനം നേടാൻ ഇടയാകണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർത്ഥന**

കർത്താവേ, അങ്ങയുടെ സഭയുടെ കാണിക്കകൾ പ്രീതിപൂർവം സ്വീകരിക്കണമേ. കാഴ്ചവയ്ക്കാൻ കരുണയോടെ അങ്ങു നല്കിയവ അങ്ങയുടെ ശക്തിയാൽ ഞങ്ങളുടെ രക്ഷയുടെ രഹസ്യത്തിലേക്ക് രൂപാന്തരപ്പെടുത്തണമേ. കർത്താവായ...

**ആഗമനകാലം രണ്ടാംആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 1,45**

കർത്താവ് നിന്നോട് അരുൾചെയ്തവ നിറവേറുമെന്നു വിശ്വസിച്ച നീ അനുഗൃഹീതയാകുന്നു.

**ദിവ്യഭോജനാനന്തരപ്രാർത്ഥന**

കർത്താവേ, ദിവ്യരഹസ്യത്തിലുള്ള പങ്കുചേരൽ അങ്ങയുടെ ജനത്തിന് നിരന്തരസംരക്ഷണമാകട്ടെ. അങ്ങനെ, അങ്ങയുടെ പ്രഭാവത്തിന് വിധേയമായ സമ്പൂർണഭക്തിവഴി ആത്മശരീരങ്ങളുടെ സമൃദ്ധമായരക്ഷ അവർ സ്വീകരിക്കുമാറാകട്ടെ. കർത്താവായ...

# ഡിസംബർ 22

## പ്രവേശകപ്രഭണിതം സങ്കീ 23,7

കവാടങ്ങളേ, നിങ്ങളുടെ ശിരസ്സ് ഉയർത്തുവിൻ, പുരാതന കവാടങ്ങളേ, ഉയർന്നുനില്കുവിൻ. മഹത്ത്വത്തിന്റെ രാജാവ് പ്രവേശിക്കുന്നു.

## സമിതിപ്രാർത്ഥന

മരണത്തിൽ നിപതിച്ചിരുന്ന മനുഷ്യവംശത്തെകണ്ട് അങ്ങയുടെ ഏകജാതന്റെ ആഗമനത്താൽ അതു വീണ്ടെടുക്കാൻ തിരുവുള്ളമായദൈവമേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു: അവിടത്തെ മനുഷ്യാവതാരം ഭക്തിവിനയത്തോടെ ഏറ്റുപറയുന്നവരെ അതേ രക്ഷകന്റെ സഹവാസത്തിന് യോഗ്യരാക്കണമേ. എന്നെന്നും അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർത്ഥന

കർത്താവേ, അങ്ങയുടെ കാരുണ്യത്തിലാശ്രയിച്ചുകൊണ്ട് കാണിക്കകളുമായി ഞങ്ങൾ തിരുവൾത്താരയിൽ ഓടിയണയുന്നു. ഞങ്ങളനുഷ്ഠിക്കുന്ന ഈ രഹസ്യങ്ങളിലൂടെതന്നെ, ഞങ്ങളെ ശുദ്ധീകരിക്കുന്ന അങ്ങയുടെ വരപ്രസാദംവഴി ഞങ്ങൾ സംശുദ്ധരാകട്ടെ. കർത്താവായ...

**ആഗമനകാലം രണ്ടാംആമുഖഗീതി p.**

## ദിവ്യഭോജനപ്രഭണിതം ലൂക്കാ 1,46-49

എന്റെ ആത്മാവു കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. എന്തെന്നാൽ ശക്തനായവൻ എനിക്ക് വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, അങ്ങയുടെ കൂദാശയുടെ സ്വീകരണം ഞങ്ങളെ ശക്തിപ്പെടുത്തുമാറാകട്ടെ. അങ്ങനെ, രക്ഷകൻ വരുമ്പോൾ അവിടത്തേക്ക് ഉചിതമായ പ്രവൃത്തികളാൽ അവിടത്തെ കണ്ടുമുട്ടാനും അനുഗൃഹീതരുടെ സമ്മാനങ്ങൾ നേടാനും ഞങ്ങളെ യോഗ്യരാക്കണമേ. കർത്താവായ...

# ഡിസംബർ 23

**പ്രവേശകപ്രഭണിതം** **Cf. ഏശ 9,6; സങ്കീ 71,17**

നമുക്കുവേണ്ടി ഒരു ശിശു ജാതനാകും; അവൻ ശക്തനായ ദൈവം എന്നു വിളിക്കപ്പെടും. ഭൂമിയിലെ എല്ലാ ഗോത്രങ്ങളും അവനിൽ അനുഗ്രഹിക്കപ്പെടും.

## സമിതിപ്രാർത്ഥന

സർവശക്തനും നിത്യനുമായ ദൈവമേ, മാംസം ധരിച്ചുകൊണ്ടുള്ള അങ്ങയുടെ പുത്രന്റെ ജനനം ആസന്നമായിരിക്കുന്നു എന്നറിയുന്ന ഞങ്ങൾ പ്രാർത്ഥിക്കുന്നു: കന്യകാമറിയത്തിൽനിന്ന് മാംസം ധരിക്കാനും ഞങ്ങളുടെ ഇടയിൽ വസിക്കാനും തിരുവുള്ളമായ ഞങ്ങളുടെ കർത്താവ്, യേശുക്രിസ്തുവാകുന്ന വചനം, അങ്ങയുടെ അയോഗ്യദാസരായ ഞങ്ങളിൽ കാരുണ്യം ചൊരിയുമാറാകട്ടെ. എന്നെന്നും അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർത്ഥന

കർത്താവേ, ദിവ്യാരാധനയ്ക്ക് അതിന്റെ പൂർണതയിൽ ആരംഭം കുറിച്ച ഈ കാഴ്ചദ്രവ്യം അങ്ങുമായുള്ള ഞങ്ങളുടെ സമ്പൂർണ അനുരഞ്ജനമായിത്തീരട്ടെ. അങ്ങനെ, ശുദ്ധീകരിക്കപ്പെട്ടമനസ്സോടെ ഞങ്ങൾ ഞങ്ങളുടെ രക്ഷകന്റെ ആഗമനം ആഘോഷിക്കാൻ ഇടവരട്ടെ. കർത്താവായ...

**ആഗമനകാലം രണ്ടാംആമുഖഗീതി p.**

**ദിവ്യഭോജനപ്രഭണിതം** **വെളി 3,20**

ഇതാ ഞാൻ വാതില്ക്കൽനിന്ന് മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരംകേട്ട് വാതിൽതുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞാൻ അവനോടും അവൻ എന്നോടുമൊത്തു ഭക്ഷിക്കുകയും ചെയ്യും.

## ദിവ്യഭോജനാനന്തരപ്രാർത്ഥന

കർത്താവേ, സ്വർഗീയദാനത്താൽ അങ്ങ് സമ്പുഷ്ടരാക്കിയ ഞങ്ങൾക്ക് അങ്ങയുടെ സമാധാനം ദയാപൂർവം നല്കണമേ. അങ്ങനെ അങ്ങയുടെ വത്സലസുതൻ ആഗതനാകുമ്പോൾ കത്തിച്ച വിളക്കുകളുമായി അവിടത്തെ എതിരേല്ക്കാൻ ഞങ്ങൾ അർഹരാകട്ടെ. കർത്താവായ...

# ഡിസംബർ 24

## പ്രഭാതപൂജ

### പ്രവേശകപ്രഭണിതം Cf. ഗലാ 4,4

ദൈവം തന്റെ പുത്രനെ ഭൂമിയിലേക്ക് അയച്ച കാലത്തിന്റെ പൂർണത ഇതാ വന്നുകഴിഞ്ഞു.

### സമിതിപ്രാർത്ഥന

കർത്താവായ യേശുവേ, അങ്ങ് വേഗം വരണമേ, താമസിക്കരുതേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ, അങ്ങയുടെ കാരുണ്യത്തിൽ പ്രത്യാശയർപ്പിച്ചിരിക്കുന്നവർ അങ്ങയുടെ ആഗമന സന്തോഷത്താൽ ആശ്വസിപ്പിക്കപ്പെടട്ടെ. പിതാവിനോടുകൂടെ പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ എന്നെന്നും ദൈവമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങ് ഈ പ്രാർത്ഥന കേട്ടരുളണമേ.

### നൈവേദ്യപ്രാർത്ഥന

കർത്താവേ, ഞങ്ങൾ അങ്ങേക്ക് അർപ്പിക്കുന്ന കാണിക്കകൾ ദയാപൂർവം സ്വീകരിക്കണമേ. അങ്ങനെ, അവയുടെ സ്വീകരണംവഴി പാപങ്ങളിൽനിന്ന് ഞങ്ങൾ മോചിതരാകുകയും അങ്ങയുടെ പുത്രന്റെ ആഗമനമഹത്ത്വം നിർമലമാനസരായി കാത്തിരിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. കർത്താവായ...

ആഗമനകാലം രണ്ടാംആമുഖഗീതി p.

### ദിവ്യഭോജനപ്രഭണിതം ലൂക്കാ 1,68

ഇസ്രായേലിന്റെ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടന്ന് തന്റെ ജനതയെ സന്ദർശിച്ച് രക്ഷ പ്രദാനംചെയ്തിരിക്കുന്നു.

### ദിവ്യഭോജനാനന്തരപ്രാർത്ഥന

അങ്ങയുടെ ഈ ദാനത്താൽ അദ്ഭുതകരമായി ഞങ്ങളെ നവീകരിച്ച കർത്താവേ, അങ്ങയുടെ പുത്രന്റെ പിറവിത്തിരുനാളിന് ആരാധനാപൂർവം അണഞ്ഞിരിക്കുന്ന ഞങ്ങൾക്ക് അവിടത്തെ നിത്യമായ സമ്മാനങ്ങൾ സന്തോഷപൂർവം സ്വന്തമാക്കാനുള്ള അനുഗ്രഹം നല്കണമേ. എന്നെന്നും ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങ് ഈ പ്രാർത്ഥന കേട്ടരുളണമേ.